# ജീവശ്വാസം പകരുന്ന ദൈവം

## യെഹെസ്കേൽ 37:13

"അങ്ങനെ എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്ന് നിങ്ങളെ ശവക്കുഴിയിൽ നിന്ന് കയറ്റുമ്പോൾ ഞാൻ യഹോവയെന്ന് നിങ്ങൾ അറിയും. നിങ്ങൾ ജീവിക്കേണ്ടതിന് ഞാൻ എന്റെ ആത്മാവിനെ നിങ്ങളിൽ ആക്കും. ഞാൻ നിങ്ങളെ സ്വദേശത്ത് പാർപ്പിക്കും. യഹോവയായ ഞാൻ അരുളിച്ചെയ്തു നിവർത്തിച്ചിരിക്കുന്നു എന്ന് നിങ്ങൾ അറിയും എന്ന് യഹോവയുടെ അരുളപ്പാട്."

ഈ അദ്ധ്യായത്തിന്റെ തുടക്കം മുതൽ നാം വായിക്കുകയാണെങ്കിൽ നമുക്ക് കാണുവാൻ കഴിയുന്നത് ഉണങ്ങിയ അസ്ഥികളെ ജീവിപ്പിക്കുന്ന ദൈവത്തെക്കുറിച്ചാണ്. ഈ അസ്ഥികളെ യിസ്രായേൽ ഗൃഹത്തോടാണ് യഹോവയായ ദൈവം ഇവിടെ ഉപമിച്ചിരിക്കുന്നത്. നമുക്കറിയാം മരിച്ച് ശവക്കുഴിയിൽ ആയിരിക്കുന്ന ജനത്തിന് ഇനി ഒരു പ്രത്യാശക്കും വകയില്ല. അവരുടെ ആശയെല്ലാം പൊയ്പ്പോയിരിക്കുന്നു. അങ്ങനെയുള്ള ഒരു ജനത്തോട് പ്രവാചകൻ മുഖാന്തരം ദൈവം അരുളിച്ചെയ്യുന്ന ഭാഗമാണ് ഇന്നത്തെ കുറിവാക്യം.

ഇന്നത്തെ നമ്മുടെ ജീവിതവുമായി തട്ടിച്ചു നോക്കുമ്പോൾ നാശകരമായ കുഴിയിൽ നിന്നും നമ്മെ വീണ്ടെടുത്ത് ക്രിസ്തുവാകുന്ന പാറമേൽ നിറുത്തിയവനാണ് സ്വർഗ്ഗസ്ഥനായ നമ്മുടെ ദൈവം. ജീവിതത്തിലെ ഒറ്റപ്പെടലുകളിൽ, നിരാശകളിൽ, വിഷമഘട്ടങ്ങളിൽ എല്ലാം കർത്താവിന്റെ രക്ഷയും കരുതലും നമ്മെ തേടിയെത്തിയതല്ലേ. എന്നേക്കുമുള്ള നിത്യനാശത്തിൽ നിന്നും നിത്യനരകത്തിൽ നിന്നും നമ്മെ വീണ്ടെടുത്തത് കുഞ്ഞാടിന്റെ രക്തംകൊണ്ടത്രെ. അങ്ങനെ നമ്മെ നിത്യരക്ഷയുടെ അവകാശികളാക്കി തീർത്ത നമ്മുടെ ദൈവത്തെ ഹൃദയം തുറന്ന് സ്തുതിക്കുവാൻ നമുക്ക് കഴിയട്ടെ.

കർത്താവിന്റെ രക്ഷ സ്വീകരിച്ച ഓരോ ദൈവപൈതലിന്റെയും ജീവിതയാത്രയിൽ പല ബുദ്ധിമുട്ടുകളും വീണ്ടും കടന്നുവന്നേക്കാം. എന്നാൽ ഏത് സാഹചര്യത്തിലും വിടുതൽ തന്ന് നമ്മെ രക്ഷിക്കുവാൻ അവിടുന്ന് ഇന്നും മതിയായവനാണ്. 'ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയില്ല' എന്നു പറഞ്ഞ നല്ല കർത്താവ് നമ്മോടുകൂടെ ഉള്ളതുകൊണ്ട് നമുക്ക് ദൈവത്തെ സ്തുതിക്കാം.

ലാസർ മരിച്ച് നാലുദിവസമായി, നാറ്റം വമിച്ച അവസ്ഥയിൽ ബന്ധുക്കളും ചാർച്ചക്കാരും ചുറ്റുപാടുമുണ്ടായിരുന്ന എല്ലാവരും നോക്കി നിൽക്കെ അവന്റെ ശവക്കുഴി തുറന്ന് കർത്താവ് അവനിലേക്ക് ജീവശ്വാസം ഊതുവാൻ ഇടയായി. ആ നല്ല കർത്താവ് ഇന്നും

അനന്യൻ തന്നെയാകുന്നു. ഇന്ന് നമ്മുടെ ജീവിതത്തിൽ ഒരു പ്രത്യാശയ്ക്കും വകയില്ലാതെ ഭാരപ്പെട്ടിരിക്കുന്ന വിഷയങ്ങളിലേക്ക് ദൈവം തന്റെ കരം നീട്ടി അത്ഭുതം പ്രവർത്തിക്കുവാൻ ഇടയായിത്തീരട്ടെ.

എല്ലാ വഴികളും അടഞ്ഞു എന്നു തോന്നുമ്പോൾ പുതിയ വഴികൾ തുറക്കുവാൻ കഴിവുള്ള ആ നല്ല കർത്താവിൽ നമുക്ക് ആശ്രയിക്കാം. ദൈവമായ കർത്താവ് നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

**സങ്കീർത്തനങ്ങൾ 90:3**

'നീ മർത്യനെ പൊടിയിലേക്ക് മടങ്ങിച്ചേരുമാറാകുന്നു, മനുഷ്യപുത്രന്മാരെ, തിരികെ വരുവിൻ എന്ന് അരുളിച്ചെയ്യുന്നു.'

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 035